പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2155 18/07/2016 - ൽ മറുപടി നല്കേണ്ടിയിരുന്നത്

## വിദ്യാഭ്യാസ വകുപ്പിലെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ശശി | പ്രൊ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി. വഴിയല്ലാതെ എത്ര നിയമനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ; | (എ) കഴിഞ്ഞ യു.ഡി.എഫ് ഭരണ കാലത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പി.എസ്.സി വഴിയല്ലാതെ 496 പേരെ നിയമിച്ചിട്ടുണ്ട്. |

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി വഴിയല്ലാത്ത അഞ്ച് സ്ഥിര നിയമനങ്ങൾ നടന്നിട്ടുണ്ട്. ദിവസ വേതനാക്കാരായി ജോലി നോക്കിയിരുന്ന മൂന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരിൽ രണ്ടുപേരെ എൽ.ഡി.ക്ലർക്ക് തസ്തികയിലും ഒരാളെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും സ്ഥിര പ്പെടുത്തിയിട്ടുണ്ട്. നൈറ്റ് വാച്ച് മാനായിരുന്ന ഒരാളെ ലാസ്റ്റ് ഗ്രേഡ് സെർവെന്റായും ഡ്രൈവറായിരുന്ന ഒരാളെ 26/03/2015-ലെ 76/2015/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക/ അനദ്ധ്യാപക തസ്തികകളിൽ 2011-15 കാലയളവിൽ നടന്ന താല്ക്കാലിക നിയമനങ്ങൾ മേഖലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| മേഖല | താല്ക്കാലിക നിയമനങ്ങൾ |
|---|---|
| കൊല്ലം | 632 |
| ചെങ്ങന്നൂർ | 285 |
| എറണാകുളം | 604 |
| തൃശ്ശൂർ | 635 |
| കുറ്റിപ്പുറം | 845 |
| വടകര | 594 |

| | |
|---|---|
| പയ്യന്നൂർ | 752 |
| വി.എച്ച്.എസ്.സി. ഡയറക്ടറേറ്റ് | 96 |
| ആകെ | 4443 |

പാഠ പുസ്തക ഓഫീസറുടെ കാര്യാലയത്തിൽ

1) എറണാകുളം കെ.ബി.പി.എസിൽ പാഠ പുസ്തക വിതരണത്തിന്റെ കോ-ഓർഡിനേറ്റർ- 29/06/2011-ലെ ജി.ഒ(ആർ.റ്റി) നം. 2454/11/ പൊ.വി.വ ഉത്തരവ് പ്രകാരം 6 മാസക്കാലത്തേക്കും തുടർന്ന് 18/08/20105 മുതൽ ഒരു വർഷകാലത്തേയ്ക്ക് ജി.ഒ(ആർ.റ്റി) നം. 3711/15/പൊ.വി.വ തീയതി 01/09/2015 പ്രകാരം നീട്ടി നൽകി. 04/02/2016 ന ശേഷം ടിയാൾ ജോലിയിൽ തുടരുന്നില്ല.

2) ഡാറ്റാ എൻട്രി ഓപ്പറേറ്റർ- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/02/2016-ലെ ഉത്തരവ് നം. സി5/15/2015 അനുസരിച്ച് ഈ കാര്യാലയത്തിൽ നിയമിച്ചു. തുടർന്നു വരുന്നു. (ദിവസവേതനാടിസ്ഥാനത്തിൽ)

എസ്.സി.ഇ.ആർ.ടിയിൽ 7 പേരെ ദിവസ വേതാനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്തെ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ പി.എസ്.സി. വഴിയല്ലാത്ത നിയമനങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി സത്യാവസ്ഥ വെളിച്ചത്തു കൊണ്ടുവരാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (ബി) | ഇക്കാര്യം പരിശോധിച്ചുവരുന്നു |
| (സി) | കഴിഞ്ഞ യു.ഡി.എഫ് സർക്കാർ കാലയളവിൽ വിദ്യാഭ്യാസ വകുപ്പിന്റെയും മാനേജ്മെന്റിന്റെയും പീഡനം മൂലമെന്ന് ആക്ഷേപമുള്ള ആത്മഹത്യ ചെയ്തവരുടേയും തൊഴിൽ നഷ്ടം വന്നവരുടേയും വിശദാംശം ലഭ്യമാക്കാമോ; | (സി) | മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കീഴിലെ മുന്നിയൂർ, എം.എച്ച്.എസ്.എസ്. സ്കൂളിലെ എച്ച്.എസ്.എ. സോഷ്യൽ സയൻസ് അധ്യാപകനായ അനീഷ്. കെ.കെ മാനേജരുമായുള്ള പ്രശ്നത്തിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ട്. |

(ഡി) ഇതിൽ കുറ്റക്കാരെ കണ്ടെത്തിയോയെന്നും ഇല്ലെങ്കിൽ കുറ്റക്കാരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

(ഡി) മേൽ സൂചിപ്പിച്ച കേസിൽ പാലക്കാട് ക്രൈംബ്രാഞ്ച് പോലീസിന്റെ അന്വേഷണം പുരോഗമിക്കുന്നു.

Sreedevi

സെക്ഷൻ ഓഫീസർ